(ഡി) കുറ്റക്കാരെന്നു കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി സ്വീകരിക്കണമെന്നകാര്യം പരിശോധിക്കുന്നതാണ്.

(ഇ) അരി ഇപ്പോഴും റേഷൻ കടകളാ വഴിയാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പരിശോധിക്കാവുന്നതാണ്.

സംസ്ഥാനത്തെ ബ്ലോക്കുകൾ

* 98 [103] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കേരളത്തിൽ എത്ര ബ്ലോക്കുകൾ ഉണ്ട് ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബ്ലോക്കുകൾ രൂപീകരിച്ചു ;

(സി) പുതിയതായി രൂപീകരിച്ച ബ്ലോക്കുകളിൽ ഐ. ഇ. ഒ. മാരുടെ തസ്തിക സൃഷ്ടിക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഐ. ഇ. ഒ. മാരുടെ അഭാവം മൂലം പല വ്യവസായപദ്ധതികളുടെയും നടത്തിപ്പിൽ തടസ്സം ഉണ്ടാകുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 151

(ബി) പുതിയ ബ്ലോക്കുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

ബി. ഡി. സി. കൾ

* 99 [104] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, ലോനപ്പൻ നമ്പാടൻ :
,, സി. ടി. അഹമ്മദ് അലി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ബി. ഡി. സി. കൾ എന്നാണ് പിരിച്ചു വിട്ടത് ;

(ബി) പിരിച്ചുവിടാനുള്ള കാരണങ്ങൾ എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ബി. ഡി. സി. കൾ രൂപീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണമെന്ത് ;

(ഡി) പുതിയ ബി. ഡി. സി. കൾ എന്നത്തേക്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ബി. ഡി. സി.കൾ നിലവിലില്ലാത്തതുമൂലം ബ്ലോക്കുകൾവഴി നടപ്പിലാക്കേണ്ട ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 4-4-1983-ൽ.

(ബി) ഏതാനും ജില്ലകളിൽ ബ്ലോക്ക് വികസനസമിതികളുടെ കാലാവധി അവസാനിച്ചിരുന്നതുകൊണ്ടും, പൊതുജന പങ്കാളിത്തത്തോടുകൂടി കാര്യക്ഷമമായി വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്ക് വികസന സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട് എന്ന് ബോദ്ധ്യം വന്നതുകൊണ്ടും ബ്ലോക്ക് വികസന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി നിലവിലുണ്ടായിരുന്ന ബ്ലോക്ക് വികസന സമിതികൾ 4-4-1983-ൽ പിരിച്ചുവിട്ടു.

(സി) ബ്ലോക്ക് വികസന കമ്മറ്റികളിൽ ഓരോ ബ്ലോക്ക് ഏരിയായിലുമുള്ള പഞ്ചായത്ത് പ്രസിഡൻറുമാരെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറുമാരില്ലെന്നതിനാൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ പ്രസിഡൻറുമാർ നിലവിൽ വരാത്തതാണ് കാരണം.

(ഡി) മുകളിൽ പറഞ്ഞ കാരണത്താൽ എന്നത്തേക്ക് ബി. ഡി. സി. കൾ രൂപീകരിക്കുമെന്ന് കൃത്യമായി പറയാൻ സാദ്ധ്യമല്ല.

(ഇ) ഇല്ല.

കൊച്ചിൻ ഓയിൽ റീഫൈനറിയിൽ ഉണ്ടായ സ്ഫോടനങ്ങൾ

* 100 [105] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ഓയിൽ റീഫൈനറിയിൽ അടുത്തകാലത്ത് ഉണ്ടായ സ്ഫോടനങ്ങൾക്ക് ഇടയായ കാരണങ്ങളെക്കുറിച്ച് ഗവൺമെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) മതിയായ സംരക്ഷണ നടപടികൾ എടുക്കാതെ സ്ഫോടനത്തിനു സാഹചര്യമുണ്ടാക്കിയവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

(ബി) ഫാക്ടറീസ് ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം മൂലമല്ല അപകടം ഉണ്ടായതെന്നാണ് അന്വേഷണം തെളിയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly